പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 17

01.12.2014 ലെ മറുപടിയ്ക്ക്

"തീരദേശ നിയന്ത്രണ വിജ്ഞാപനം"

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. എസ്.ശർമ്മ** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) തീരദേശ നിയന്ത്രണ വിജ്ഞാപനം നടപ്പിലാക്കുന്നത് മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, ഇളവുകൾ നൽകുന്നതിനും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും എന്തെങ്കിലും ഉത്തരവുകൾ ലഭിച്ചിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;<br><br>(സി)ഇത് സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് കത്ത് അയച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (എ), (ബി) & (സി)<br><br>തീരദേശ നിയന്ത്രണ വിജ്ഞാപനം നടപ്പിലാക്കുന്നത് മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, ഇളവുകൾ നൽകുന്നതിനും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും പ്രത്യേകിച്ച് ഉത്തരവുകളൊന്നും ഇതുവരെയും ലഭിച്ചിട്ടില്ല.<br><br>ഇക്കാര്യത്തിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ബഹു. മുഖ്യമന്ത്രിയുടെ 10.02.2013, 24.07.2014, 16.10.2014 തീയതിയിലെ കത്ത് മുഖാന്തിരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. തുടർന്ന് തീരദേശ പരിപാലന വിജ്ഞാപനത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പഠിച്ച് ശിപാർശ സമർപ്പിക്കുവാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച വിദഗ്ദ സമിതി കേരളം സന്ദർശിക്കുകയും സംസ്ഥാന മുഖ്യമന്ത്രി, ഇതര മന്ത്രിസഭാംഗങ്ങൾ, ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരുമായി തിരുവനന്തപുരത്ത് വച്ച് 22.08.2014-ൽ ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ചർച്ചയിൽ സംസ്ഥാനത്തെ ജനങ്ങളെയും വികസനത്തെയും പ്രതികൂലമായി ബാധിക്കുന്ന വ്യവസ്ഥകളിന്മേൽ ഇളവ് വേണമെന്നുള്ള കാര്യം വിദഗ്ദ സമിതിയെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച് 16.10.2014 -ൽ ബഹു. പ്രധാനമന്ത്രിക്ക് മുഖ്യമന്ത്രി നേരിട്ട് നിവേദനവും നൽകിയിട്ടുണ്ട്. ഇതിന്മേലുള്ള തീരുമാനങ്ങളൊന്നും കേന്ദ്ര സർക്കാർ കൈക്കൊണ്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**